# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *220 — 09.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ പ്രോത്സാഹനത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടണമെന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തുമ്പോൾ, സംസ്ഥാനത്തെ സവിശേഷ സാഹചര്യത്തിൽ പാൽ ഉൽപാദനത്തിനുണ്ടാകുന്ന അധിക ചെലവ് പരിഗണിച്ച്, പ്രോത്സാഹന തുക നൽകുന്നതിന് ഒരു ലക്ഷം രൂപയെന്ന വരുമാന പരിധി നിശ്ചയിച്ചത് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് വരുമാന പരിധി ബാധകമല്ല. ജനകീയ ആസൂത്രണ പദ്ധതിയ്ക്കാണ് വരുമാന പരിധി നിശ്ചയിട്ടുള്ളത്. ഈ പരിധി 14.02.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷമാക്കി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) അന്യ സംസ്ഥാനത്തുനിന്ന് രാസവസ്തുക്കൾ കലർത്തിയും നിശ്ചിത ഗുണനിലവാരം പുലർത്താതെയും പാൽ കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് നൽകുന്നത് സംസ്ഥാനത്തെ ക്ഷീരകർഷകർക്കും ക്ഷീരമേഖലക്ക് ആകെയും പ്രതികൂലമാകുമെന്നതിനാൽ ഇത് നിയന്ത്രിക്കാൻ വേണ്ട ഇടപെടൽ നടത്തുവാൻ ക്ഷീര വികസന വകുപ്പിന് സാധ്യമാകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തുചെയ്യാനാകുമെന്ന് അറിയിക്കാമോ; | (ബി) നിലവിൽ ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പാൽ പരിശോധനയ്ക്കുള്ള അധികാരം മാത്രമാണുള്ളത്. പരിശോധനയിൽ മായം കണ്ടെത്തിയാൽ നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പാണ് നിയമപരമായ നടപടി സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ നിലവിൽ ക്ഷീര വികസന വകുപ്പിന് നിയമനടപടികൾ സ്വീകരിക്കാനുള്ള അധികാരം ഇല്ല. അന്യ സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് മീനാക്ഷിപുരത്തും, വാളയാർ, കുമിളി എന്നിവിടങ്ങളിലും പാൽ പരിശോധനാ ലാബുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. രാസവസ്തുക്കൾ കലർത്തിയതായും ഗുണനിലവാരമില്ലാത്തതായും കണ്ടെത്തുന്ന കേസുകൾ അതാത് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർക്ക് കൈമാറുന്നു. |

(സി) മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും സംഭരണ സൗകര്യങ്ങളും കോൾഡ് സ്റ്റോറേജ് സംവിധാനവും കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ ക്രമത്തിൽ കാലിത്തീറ്റ സബ്സിഡി അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ ജനകീയ ആസൂത്രണ പദ്ധതി പ്രകാരം ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 4 രൂപ വരെ പരമാവധി കാലിത്തീറ്റ ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതി-നായി വകുപ്പിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷിക്ക് ഹെക്ടറിന് 20,000/- രൂപ വരെയുള്ള ധനസഹായത്തിന് പുറമെ തീറ്റപ്പുൽ- കൃഷിക്കുള്ള ജലസേചനം, യന്ത്രവൽക്കരണം എന്നിവയ്ക്കായും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തരിശ് ഭൂമിയിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനായും പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ സംഭരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്കുള്ള ധനസഹായം. സംഘങ്ങളിൽ മിൽക്ക് കളക്ഷൻ റൂം/സ്റ്റോറേജ് റൂം പണിയുന്നതിനുള്ള ധനസഹായം, കർഷകർ-ക്കായി ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള ധനസഹായം. ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ FSSA – 2006 പ്രകാരം ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്നുണ്ട്. ക്ഷീരസംഘ-ങ്ങളിൽ പാൽ സംസ്കരണം, ചില്ലിംഗ്, പാക്കിംഗ്, കോൾഡ് സ്റ്റോറേജുകൾ പുതിയതായി സ്ഥാപിക്കുക, അറ്റകുറ്റപണികൾ നിർവ്വഹിക്കുക എന്നിവയ്ക്കായി ധന സഹായം നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ ക്ഷീരസംഘങ്ങൾക്ക് നൽകുന്നതിനായി 200 ലക്ഷം രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

മിൽമയ്ക്കും മേഖല യൂണിയനുകൾക്കും ഉണ്ടാകുന്ന പ്രവർത്തന ലാഭം പ്രോത്സാഹനവിലയായും കാലിത്തീറ്റ സബ്സിഡിയായും അതതു സമയങ്ങളിൽ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് കൈമാറി വരുന്നു. നിലവിൽ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ കാലിത്തീറ്റയ്ക്ക് 50 കിലോ

ചാക്കൊന്നിന് 100 രൂപ വീതം വേനൽക്കാല ഡിസ്കൗണ്ട് നൽകി വരുന്നു.

ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനു വേണ്ടി കേരളാ ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**